# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4631

## 22-03-2018 ൽ മറുപടിക്ക്

## ശംഖുമുഖം-വേളി റോഡിന് കിഫ്ബി അംഗീകാരം

| ചോദ്യം<br>ശ്രീ. വി.എസ്. ശിവകുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിലുൾപ്പെടുത്തി സ്ഥലമേറ്റെടുത്ത് വീതികൂട്ടി നവീകരിക്കുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന തിരുവനന്തപുരം ശംഖുമുഖം-വേളി റോഡിന്റെ കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | 2017-18 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുമെന്നു പ്രഖ്യാപിച്ചിരുന്ന ശംഖുമുഖം - വേളി റോഡ് പദ്ധതിക്ക് 10-07-2017 ലെ സ.ഉ.(സാധാ)നമ്പർ 942/ 2017/ പൊ. ഉ. മ .വ പ്രകാരം പൊതുമരാമത്ത് വകുപ്പ് തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 30 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി.പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. ആയതു ലഭിക്കുന്ന മുറക്ക് വിശദമായ പരിശോധന നടത്തി ന്യൂനതകൾ ഇല്ലാത്ത പക്ഷം കിഫ്ബി അംഗീകാരം നൽകുന്നതാണ്. |
| (ബി) ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ